സുപ്രഭാതം

05 February 2020

# കടലറിവുകളുടെ വിസ്മയകാഴ്ചകൾ തുറന്നിട്ട് സി.എം.എഫ്.ആർ.ഐ

കൊച്ചി: ഏറ്റവും വലിയ മത്സ്യമായ തിമിംഗല സ്രാവ്, കാൻസറിനുള്ള മരുന്ന് നിർമാണത്തിൽ ഏറ്റവും കൂടുതൽ ഗവേഷണം നടക്കുന്ന കടൽ മുയൽ, പറക്കും കൂന്തൽ, കടൽ പശു, കടൽ വെള്ളരി, പലതരം കടൽ സസ്യങ്ങൾ, കടൽപാമ്പുകൾ, വിഷമത്സ്യങ്ങൾ...... എണ്ണമറ്റ കടൽജൈവവൈവിധ്യങ്ങളുടെ കാഴ്ചകൾ സി.എം.എഫ്.ആർ.ഐയുടെ മ്യൂസിയം സമ്മാനിച്ചപ്പോൾ വിദ്യാർഥികളുൾപ്പെടെയുള്ള സന്ദർശകർക്ക് കൗതുകം. ആഴക്കടലിന്റെ അറിയാകാഴ്ചകൾ പ്രദർശിപ്പിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) 73ാം സ്ഥാപകദിനത്തോടനുബന്ധിച്ചാണ് വൈവിധ്യമായ കടലറിവുകൾ പൊതുജനങ്ങൾക്കായി തുറന്നിട്ടത്.

ഓലമീൻ, ആനത്തിരണ്ടി, സൈക്കിൾചെയിൻ മത്സ്യം, ഗിത്താർ മത്സ്യം, വിവിധയിനം സ്രാവുകൾ, ഞണ്ടുകൾ, ചെമ്മീനിനങ്ങൾ തുടങ്ങിയവ വിവിധ ഗവേഷണ വിഭാഗങ്ങളുടെ ലാബുകളിൽ പ്രദർശനത്തിനൊരുക്കിയിരുന്നു. കടലിലെ വിലകൂടിയ മുത്തുകളും, മുത്തുചിപ്പി കൃഷി ചെയ്ത് അവ വേർതിരിച്ചെടുക്കുന്ന രീതികളും പ്രദർശനത്തിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റി. പ്ലാസ്റ്റിക് മാലിന്യം മീനുകളുടെ ജീവന് ഭീഷണിയാകുന്നതിന്റെ നേർചിത്രങ്ങളും പ്രദർശനത്തിലുണ്ടായിരുന്നു.

കൂടുമത്സ്യകൃഷി പോലെയുള്ള വിവിധ സമുദ്രജലകൃഷി മാതൃകകൾ എന്നിവയും സന്ദർശകരെ ആകർഷിച്ചു. കൂടാതെ, കടൽ വെള്ളത്തിന് നിറം നൽകുന്ന സൂക്ഷ്മ ആൽഗകൾ, കടലിലെ വർണമത്സ്യങ്ങളുടെ ശേഖരമായ മറൈൻ അക്വേറിയം എന്നിവയും കാണികളുടെ മനം കവർന്നു. പ്രദർശനത്തിൽ മീനുകളുടെ ചെവിക്കല്ല് ഉപയോഗിച്ച് നിർമിച്ച ആഭരണങ്ങൾ കാണികളിൽ കൗതുകമുണർത്തി.

മീനുകളുടെ ചെവിക്കല്ല് ഉപയോഗിച്ച് സി.എം.എഫ്.ആർ.ഐ രൂപകൽപന ചെയ്ത വിവിധ വലിപ്പത്തിലും മാതൃകകളിലുമുള്ള കമ്മലുകൾ കാണാനും അവയെ കുറിച്ചറിയാനും വൻതിരക്കാണ് അനുഭവപ്പെട്ടത്. ഭൂരിഭാഗം മീനുകൾക്കും ചെവിക്കല്ലുണ്ടെങ്കിലും പത്തോളം മീനുകളുടേത് മാത്രമാണ് ആഭരണങ്ങൾ നിർമിക്കാൻ അനുയോജ്യമെന്നാണ് സി.എം.എഫ്.ആർ.ഐ ഇതുവരെ കണ്ടെത്തിയത്. ഇത്തരം മീനുകളുടെ ചെവിക്കല്ലുകൾ വേർപെടുത്തി വെള്ളി ലോഹത്തിലാണ് കമ്മലുകൾ രൂപകൽപന ചെയ്തിട്ടുള്ളത്. മീനുകളെ തിരിച്ചറിയുന്നതിന് വേണ്ടിയും അവയുടെ പ്രായം അറിയുന്നതിന് വേണ്ടിയുമാണ് ചെവിക്കല്ലുകൾ വേർപെടുത്തി സി.എം.എഫ്.ആർ.ഐ പഠനം നടത്തുന്നത്. പഠനത്തിന് വേണ്ടി ചെവിക്കല്ലുകൾ ശേഖരിച്ചപ്പോഴാണ് ഇവ ആഭരണങ്ങളാക്കി ഉപയോഗിക്കാമെന്ന് തിരിച്ചറിഞ്ഞത്.



സി.എം.എഫ്.ആർ.ഐ സംഘടിപ്പിച്ച കടലറിവുകൾ പ്രദർശനത്തിൽ നിന്ന്

ഇന്ത്യയിൽ എവിടെയും ഇത്തരത്തിൽ ആഭരണങ്ങൾ നിലവിലില്ല. എന്നാൽ, ഈജിപ്ത്, ബ്രസീൽ, ഇറ്റലി എന്നീ രാജ്യങ്ങളിൽ ഇവ ലക്കി സ്റ്റോണുകളായി ഉപയോഗിക്കുന്നുണ്ട്. ഇന്ത്യൻ തീരങ്ങളിലെ ആയിരത്തോളം ഇനം മത്സ്യങ്ങളുടെ ചെവിക്കല്ലുകളുടെ ശേഖരം സി.എം.എഫ്.ആർ.ഐയിലുണ്ട്. കമ്മൽ മാത്രമല്ല, മാലകളുടെ ലോക്കറ്റ്, ബ്രെയ്സ്ലറ്റ് തുടങ്ങിയവയും മീൻ ചെവിക്കല്ല് കൊണ്ട് നിർമിക്കാം. വെള്ളിയിൽ നിർമിക്കുമ്പോൾ ഒരു മീൻകമ്മലിന് ആയിരം രൂപയോളം വിലവരാമെന്ന് സി.എം.എഫ്.ആർ.ഐയിലെ ഗവേഷകർ അഭിപ്രായപ്പെടുന്നു. സി.എം.എഫ്.ആർ.ഐയുടെ പഠനപ്രകാരം, കേരളതീരത്ത് നിന്ന് ലഭിക്കുന്ന മത്തിയുടെ ആയുസ്സ് ഒന്നര വർഷമാണ്. രണ്ടര വർഷമാണ് അയലയുടെ പ്രായം. എന്നാൽ കേരയ്ക്ക് 19 വർഷം വരെ ആയുസ് ഉണ്ടെന്നാണ് ചെവിക്കല്ലുപയോഗിച്ചുള്ള പഠനത്തിൽ വ്യക്തമായത്.